# കേരള കാർഷിക സർവ്വകലാശാല


## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

**തൃശ്ശൂർ**

**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 07/16, ചൊവ്വാഴ്ച** **തീയ്യതി 09.02.2016**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 33.6 മുതൽ 35.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 19.6 മുതൽ 22..7 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 50 മുതൽ 91 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 17 മുതൽ 49 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 2.6 മുതൽ 6.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 5.4 മുതൽ 10.1 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.7 മുതൽ 7.4 മില്ലി.മീറ്റർ വരെയും ആയിരുന്നു.

---

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 10.02.2016 | 11.02.2016 | 12.02.2016 | 13.02.2016 | 14.02.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 0 | 0 | 0 | 5 |
| ഉയർന്ന താപനില (°C) | 31 | 34 | 34 | 35 | 34 |
| കുറഞ്ഞ താപനില (°C) | 21 | 23 | 23 | 21 | 21 |
| മേഘവ്യാപ്തി (ഒക്ട്സ) | 4 | 5 | 5 | 6 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 85 | 84 | 80 | 83 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 49 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 005 | 006 | 006 | 006 | 004 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 54 | 69 | 46 | 70 | 67 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | - | പുഞ്ചകൃഷി ഞാറു പരുവത്തിലാണ്. |
| തെങ്ങ് | ചെന്നീരൊലിപ്പ് | ചെന്നീരൊലിപ്പ് രോഗം ഈ കാലാവസ്ഥയിൽ വ്യാപകമാകുന്നതിന് സാധ്യതയുണ്ട്. രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി അവിടെ 5% വീര്യമുള്ള ട്രൈഡെമോർഫ് പുരട്ടുക. രണ്ടുദിവസത്തിനുശേഷം കോൾട്ടാർ തേയ്ക്കുന്നത് നല്ലതാണ്. ട്രൈഡെമോർഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ ചേർത്ത് നാലുമാസത്തിലൊരിക്കൽ തെങ്ങിന്റെ ചുവട്ടിൽ നനച്ചുകൊടുക്കുന്നതും നല്ലതാണ്. |
| വാഴ | സിഗാടോക്ക രോഗം | അന്തരീക്ഷ താപനില കൂടി വരുന്നതിനാൽ വാഴയിൽ സിഗാടോക്കരോഗം കാണാനിടയുണ്ട്. ആക്രമണത്തിനു വിധേയമായ ഇലകൾ മുറിച്ച് തീയിൽ ഇടുക. ഇലകളിൽ രോഗലക്ഷണം കണ്ടാലുടൻ 10 മുതൽ 15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. ആക്രമണം അധികമായാൽ, സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ | എഫിഡുകൾ | അന്തരീക്ഷ താപനില കൂടി വരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റികുടിക്കുന്ന കീടങ്ങളുടെ ആക്രമണം കൂടുവാൻ സാധ്യതയുണ്ട്. എഫിഡുകളെ നിയന്ത്രിക്കാനായി 2 മി.ല്ലി ക്വിനാൽഫോസ് അല്ലെങ്കിൽ 2% വീര്യമുള്ള വേപ്പെണ്ണ - വെളുത്തുള്ളി -സോപ്പ് മിശ്രിതം തളിക്കുക. |